**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 3025**

**20.06.2014 - ൽ മറുപടി**
**നൽകേണ്ടിയിരുന്നത്**

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

(എ) വിദ്യാഭ്യാസ ലോൺ സ്വീകരിച്ച് നിലവിൽ വിദ്യാഭ്യാസം തുടരുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിദ്യാഭ്യാസ വായ്പ എടുത്ത് വിദ്യാഭ്യാസം പൂർത്തിയാക്കി തൊഴിൽ ലഭിക്കാത്തവർ എത്ര; വായ്പ തിരിച്ചുപിടിക്കാൻ ബാങ്കുകൾ നടപടി ആരംഭിച്ച വായ്പ കുടിശ്ശികയുള്ളവർ എത്ര; വ്യക്തമാക്കുമോ;

(ബി) വിവിധ ബാങ്കുകൾ സർക്കാരിന് ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടുണ്ടോ. ഇല്ലെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ശേഖരിക്കാൻ ആസൂത്രണ/ സാമ്പത്തിക വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ;

(എ) & (ബി) ഉണ്ട്.

സംസ്ഥാനത്ത് 2014 മാർച്ച് 31 വരെ വിദ്യാഭ്യാസത്തിനുവേണ്ടി വായ്പ എടുത്ത് വായ്പ നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം 3,83,317 ആണ്. അതിൽ വിദ്യാഭ്യാസം പൂർത്തി-യാക്കിയവരും, ജോലി ലഭിച്ചിട്ടില്ലാത്ത-വരും വിദ്യാഭ്യാസം പൂർത്തിയാക്കി-യിട്ടില്ലാത്തവരും (കോഴ്സ് പൂർത്തി-യാക്കിയവർ) ഉൾപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് 31.03.2014 വരെ വിദ്യാഭ്യാസ വായ്പ എടുത്ത് കുടിശ്ശിക ആയവരുടെ എണ്ണം 45843 ആണ്. അതിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മോറട്ടോറിയം ബാധകമായിട്ടുള്ളത് ഒഴികെയുള്ള അക്കൗണ്ടുകളിൽ ബാങ്കുകൾ നിയമാനുസൃതമായ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) പ്രസ്തുത വിദ്യാഭ്യാസ വായ്പ ലഭ്യമായ വിദ്യാർത്ഥികൾക്ക് എന്തെല്ലാം കേന്ദ്ര/ സംസ്ഥാന സഹായങ്ങൾ നൽകിവരുന്നു;

(സി) സംസ്ഥാനത്തെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും 01.04.2004 മുതൽ 31.03.2009 വരെ എടുത്തിട്ടുള്ള ബി.പി.എൽ./ 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവരുടെ വിദ്യാഭ്യാസ വായ്പ തുകയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന സർക്കാർ പലിശ സബ്സിഡി പ്രഖ്യാപിച്ചിരുന്നു. എന്നാൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്കായി പ്രഖ്യാപിച്ച പലിശ സബ്സിഡി സ്കീം, സമാനമായ മറ്റൊരു പലിശ സബ്സിഡി സ്കീം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതിനെ തുടർന്ന് സംസ്ഥാന സർക്കാർ പിൻവലിച്ചു.

4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/ സാങ്കേതിക വിദ്യാഭ്യാസത്തിന് 01.04.2009 –നുശേഷം വിതരണം ചെയ്ത വായ്പ തുകയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ, വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകി വരുന്നുണ്ട്.

(3)

01.04.2009 –ന് മുൻപ് വിദ്യാഭ്യാസ വായ്പ എടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള തൊഴിൽ രഹിതർക്ക് 2013 ഡിസംബർ 31 വരെയുള്ള പലിശ സബ്ഡിഡി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വായ്പ യഥാസമയം ലഭിക്കാത്തതിനാൽ മനംനൊന്ത് ആത്മഹത്യ ചെയ്തവർ എത്ര; വിശദാംശം ലഭ്യമാക്കുമോ; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന -തിനുശേഷം വിദ്യാഭ്യാസ വായ്പ യഥാസമയം ലഭിക്കാത്തതിനാൽ മനംനൊന്ത് ഒരു പെൺകുട്ടി ആത്മഹത്യ ചെയ്തിട്ടുണ്ട്. എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ കുടമാളൂർ, പുലിഞ്ചുവട് ബ്രാഞ്ചിൽ നിന്നും യഥാസമയം വിദ്യാഭ്യാസ വായ്പ ലഭിക്കാത്തതിനാൽ നഴ്സിംഗ് വിദ്യാർത്ഥിനിയായിരുന്ന ശ്രുതി എന്നറിയപ്പെടുന്ന ആതിര, 20 വയസ്, D/o. ശ്രീകാന്ത്, ഗോപിക വീട്, കുടമാളൂർ ആണ് ആത്മഹത്യ ചെയ്തത്. ഇതിന് കോട്ടയം ജില്ലയിൽ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം. 440/2012 U/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ കുടമാളൂർ, പുലിഞ്ചുവട് ബ്രാഞ്ചിന്റെ മാനേജർ ആയിരുന്ന ഹരികൃഷ്ണൻ, ക്രെഡിറ്റ് മാനേജർ ആയിരുന്ന ജേബിൻസൺ എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കു-കയും കോടതി ഇരുവർക്കും ജാമ്യം നൽകിയിട്ടുള്ളതുമാണ്. കേസ് ഇപ്പോൾ പെൻഡിങ് ട്രയൽ ആണ്. |

| | | | |
|---|---|---|---|
| (ഇ) | വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കു വേണ്ട സഹായങ്ങളും സംരക്ഷണവും ലഭ്യമാക്കണമെന്ന യുവജന-ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. എങ്കിൽ ഇതിലെ ഏതെല്ലാം നിർദ്ദേശങ്ങൾ നാളിതുവരെ നടപ്പിലാക്കി; വിശദമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി, സഹകരണ വകുപ്പ് എന്നിവയുടെ അഭിപ്രായം ആവശ്യ-പ്പെട്ടിട്ടുണ്ട്. |
| (എഫ്) | ഇല്ലെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ, ബാങ്കുകൾ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുമോയെന്ന്; വ്യക്തമാക്കുമോ ? | (എഫ്) | |

സെക്ഷൻ ഓഫീസർ